# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3922 — 26.06.2013 ൽ മറുപടിക്ക്

**ആരോഗ്യവകുപ്പിലെ കൺസൾട്ടൻസി ഏജൻസികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ആരോഗ്യ വകുപ്പിലെ ഏതെല്ലാം പദ്ധതികൾ കൺസൾട്ടൻസി ഏജൻസികൾ വഴി നടപ്പിലാക്കുന്നുവെന്നും ഏജൻസികൾ ആരെന്നും വെളിപ്പെടുത്തുമോ ; | (എ) മെഡിക്കൽ കോളേജ്, ജില്ലാ – താലൂക്ക്തല ആശുപത്രികൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, പ്രൈമറി ഹെൽത്ത് സെന്ററുകൾ തുടങ്ങിയ ആരോഗ്യ വകുപ്പ് സ്ഥാപനങ്ങളുടെ ശാക്തീകരണം, ഉദ്ധാരണജോലികൾ, നവീകരണ ജോലികൾ തുടങ്ങിയ പദ്ധതികളുടെ രൂപകല്പനയും നിർമ്മാണ നിർവ്വഹണവും കൺസൾട്ടൻസി ഏജൻസികൾ വഴി നടപ്പിലാക്കിവരുന്നു. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ HLL ലൈഫ് കെയർ, HPL, BSNL, HSCC എന്നിവയും സംസ്ഥാന ഏജൻസികളായ KITCO, FIT, KESNIK, SILK, KHRWS എന്നിവയുമാണ് മരാമത്ത് പണികൾക്കായുള്ള കൺസൾട്ടൻസി ഏജൻസികൾ. മാനവശേഷി നയം വികസനത്തിനും രൂപരേഖ തയ്യാറാക്കുന്നതിനുമായി ബാംഗ്ലൂർ ആസ്ഥാനമായുള്ള സ്വസ്തി ഹെൽത്ത് റിസോഴ്സ് സെന്റർ എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി കൺസൾട്ടൻസി ഏജൻസികൾക്ക് പ്രതിഫലയിനത്തിൽ നൽകേണ്ടതോ നൽകിയതോ ആയ തുകയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (ബി) കൺസൾട്ടൻസി ഏജൻസികൾക്ക് മരാമത്ത് വിഭാഗത്തിലെ വിവിധ പദ്ധതികൾ ഏറ്റെടുത്തു നടത്തുന്നതിലേക്കായി ഓരോ പണിക്കും ചെലവായ തുകയുടെ നിശ്ചിത ശതമാനമാണ് കൺസൾട്ടൻസി ഫീസായി നൽകിയിട്ടുള്ളത്. ബോധവൽക്കരണ ശീലവൽക്കരണ ആശയ വിനിമയ പരിപാടിയുമായി ബന്ധപ്പെട്ട് ആകെ 22,07,605/(ഇരുപത്തി രണ്ട് ലക്ഷത്തി ഏഴായിരത്തി അറുനൂറ്റി അഞ്ച് രൂപ) 37 ബാച്ചുകളെ പരിശീലിപ്പിക്കുന്നതിനായി നൽകി. കൺസൾട്ടൻസി കരാർ പ്രകാരം ഫീസിന്റെ 40 ശതമാനം കരാർ ഒപ്പുവച്ച് അംഗീകരിക്കുന്ന സമയത്തും 50 ശതമാനം കരട് എച്ച് ആർ പോളിസി സമർപ്പിക്കുന്ന സമയത്തും ബാക്കി 10 ശതമാനം പൂർണ്ണമായും ബോധിപ്പിച്ചുവെട്ട് |

| | | | |
|---|---|---|---|
| | | | അംഗീകരിക്കപ്പെട്ട എച്ച്.ആർ. പോളിസി സൊസൈറ്റിക്ക് സമർപ്പിച്ചതിനു ശേഷവും നൽകണമെന്നാണ് വ്യവസ്ഥ. ഇതനുസരിച്ച് ആകെ കൺസൾട്ടൻസി ഫീസിന്റെ 40 ശതമാനമായ 2,80,810/ രൂപ ഏജൻസിക്ക് നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത കൺസൾട്ടൻസികളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കുമോ ; | (സി) | കൺസൾട്ടൻസികൾ നൽകുന്ന അപേക്ഷകൾ പരിശോധിച്ച് അവരുടെ പ്രവൃത്തിപരിചയം, പൂർത്തീകരിച്ച പദ്ധതികൾ, സാങ്കേതിക വിദഗ്ധരുടെ എണ്ണം, ഇതേ മേഖലയിലുള്ള പ്രാവീണ്യം, സർക്കാർ സ്ഥാപനം മുതലായവ വിലയിരുത്തിയ ശേഷമാണ് കൺസൾട്ടൻസികളെ നിശ്ചയിക്കുന്നത്. |
| (ഡി) | മേൽ പദ്ധതികളിൽ ഏതിലെങ്കിലും പദ്ധതി നിർവ്വഹണത്തിനുമുമ്പ് തുക പ്രാഥമിക ഫീസായി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (ഡി) | ഏജൻസികളുമായി ഉണ്ടാക്കിയ കരാറിലെ വ്യവസ്ഥകൾക്കനുസൃതമായാണ് തുക നൽകാറ്. |

സെക്ഷൻ ഓഫീസർ